## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1701 01.11.2019 ലെ മറുപടിയ്ക്ക്

### മുൻസിപ്പൽ കോമൺ സർവ്വീസിലെ ഒഴിവുകൾ

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

ഉത്തരം

എ.സി മൊയ്തീൻ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ 2020 മാർച്ച് 31 വരെ എത്ര സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ തസ്തികകളുടെ ഒഴിവുണ്ടാകും എന്നറിയിക്കാമോ; | (എ) | 2020 മാർച്ച് 31 വരെ സൂപ്രണ്ട് തസ്തികയിൽ 6 ഒഴിവുകളും, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 7 ഒഴിവുകളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ തസ്തികകളിലെ നിലവിലെ വേക്കൻസികളിൽ പ്രൊമോഷൻ നടത്തുന്നതിന് ഉണ്ടാകുന്ന കാലതാമസം എന്തെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ സൂപ്രണ്ട് തസ്തികയിൽ ഒഴിവില്ല. ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഒരു ഒഴിവ് ഉണ്ട്. എന്നാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ (ഇ.കെ.എം) 1531/19 നമ്പർ കേസിന്മേലുള്ള അന്തിമ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടി ഒഴിവ് നികത്തുവാൻ സാധിക്കുകയുള്ളൂ. |
| (സി) | മുൻസിപ്പൽ കോമൺ സർവ്വീസ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ പി.എഫ്, ക്രഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇനി എത്ര പേർക്ക് ക്രഡിറ്റ് കാർഡ് വിതരണം ചെയ്യാനുണ്ട് എന്നറിയിക്കാമോ? | (സി) | കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ 2018- 19 സാമ്പത്തികവർഷം വരെയുള്ള പി.എഫ്, ക്രെഡിറ്റ് കാർഡ് നഗരസഭയിൽ നിന്നും ഡേറ്റാ എൻട്രി നടത്തി അംഗീകരിച്ചിട്ടുണ്ട്. ക്രെഡിറ്റ് കാർഡ് 'സ്ഥാപന' സോഫ്റ്റ് വെയർ-ൽ നിന്നും ജീവനക്കാർക്ക് നേരിട്ട് എടുക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**